കെ. ഇ. ആർ. ബി. ഓപ്റ്റ് ചെയ്ത അദ്ധ്യാപകരുടെ ആശ്രിതർക്ക് പെൻഷൻ

116 [160] ശ്രീ. പി. ബാലൻ. താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. ഇ. ആർ. ബി. ഓപ്റ്റ് ചെയ്ത് അമ്പത്തിയഞ്ച് വയസ്സിനുശേഷം തുടരവേ അറുപതു വയസ്സിനു മുമ്പ് സർവീസിലിരിക്കെ നിര്യാതരായ അദ്ധ്യാപകരുടെ ആശ്രിതർക്ക് അടുത്തകാലത്ത് മിനിമം ഫാമിലി പെൻഷൻ നൂറുരൂപയാക്കി വർദ്ധിപ്പിച്ചത് ബാധകമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ബി. ഓപ്റ്റ് ചെയ്ത അദ്ധ്യാപകരുടെ ആശ്രിതർക്ക് കൂടി ഇതു ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പെൻഷൻ വർദ്ധനവിനെ സംബന്ധിച്ച് ധനകാര്യവകുപ്പ് അടുത്തകാലത്ത് ഇറക്കിയ ഉത്തരവ് XIV സി. ഒഴികെയുള്ള അദ്ധ്യാപകർക്കുകൂടി ബാധകമാക്കുന്ന കാര്യം ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

ഈ വിദ്യാലയവർഷത്തിലെ പ്രവൃത്തിദിവസങ്ങൾ

117 [161] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വിദ്യാലയ വർഷത്തിൽ ഇന്നുവരെ എത്ര പ്രവൃത്തിദിവസങ്ങൾ ഉണ്ടായിരുന്നു;

(ബി) ഈ വർഷം വിദ്യാലയം തുറന്നതു മുതൽ ഇന്നുവരെ പ്രവൃത്തിദിവസങ്ങളുടെയും അല്ലാത്ത ദിവസങ്ങളുടെയും ശതമാനകണക്ക് വ്യക്തമാക്കുമോ;

(സി) ഒരു വർഷത്തിൽ അദ്ധ്യാപകർക്ക് ഉള്ള പ്രവൃത്തിദിവസങ്ങൾ എത്രയാണ് ?

ഉത്തരം

(എ) വിദ്യാഭ്യാസ കലണ്ടർ പ്രകാരം സെപ്റ്റംബർമാസംവരെ 78 പ്രവൃത്തിദിവസങ്ങളാണുള്ളത്. എന്നാൽ വിദ്യാഭ്യാസ രംഗത്തെ അസ്വസ്ഥതകൾ നിമിത്തം പല ജില്ലകളിലും പല സ്കൂളുകളിലും പ്രവൃത്തിദിവസങ്ങളുടെ എണ്ണം വ്യത്യസ്തമായിരുന്നു.

(ബി) ചോദ്യം (എ) യുടെ ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന കാരണത്താൽ ഇപ്രകാരമൊരു കണക്ക് സൂക്ഷിച്ചിട്ടില്ല.

(സി) 200.

LIBRARY ARCHIVES Kerala Legislative Assembly